

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ. കെ എൽ എം . പി -7/1977/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/11/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം Iലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ). കെ എൽ എം . പി -7/1977/24

തീയ്യതി: 05/11/2024

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സജികുമാർ ജി	ഡെപ്യൂട്ടി ഡയറക്ടർ	07-10-2024	17-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-10-2024	17-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അനിൽ.ആർ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജി. അമ്പിളി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.എസ്. ശ്രീകുമാർ, സീനിയർ, ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റജ് നാ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റെജി ജേക്കബ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.വിജയൻ.എം	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബിജുകുമാർ.ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	11-08-2023
ശ്രീ അജിത്ത് എച്ച്	അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്	12-08-2023	02-09-2023
ശ്രീ ശശി കുമാർ	അസിസ്റ്റന്റ് സെക്രട്ടറി	03-09-2023	31-03-2024
ശ്രീമതി.സജിതമോൾ.പി	കൃഷി ഓഫീസർ	01-04-2023	06-06-2023
ശ്രീമതി. നാസിയ ഷരീഫ്	കൃഷി ഓഫീസർ	07-06-2023	31-03-2024
ഡോ.അനീഷ് ബഷീർ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ.സ്മിത	മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)	01-04-2023	31-03-2024
ശ്രീമതി.നിഷ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2023	31-03-2024
ശ്രീ.ബിജു.റ്റി.എസ്	വി.ഇ.ഒ .	01-04-2023	18-09-2023
ശ്രീമതി ആരതി കൃഷ്ണ ജി ആർ	വി.ഇ.ഒ .ഗ്രേഡ്2	19-09-2023	31-03-2024
ശ്രീ.രാഗേഷ്	വി.ഇ.ഒ .	01-04-2023	31-03-2024
ശ്രീമതി.രമ്യ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി.ഗ്രേസി തോമസ്	ഹെഡ്മിസ്ട്രസ്സ്	01-04-2023	31-05-2023
ശ്രീ സാബു പി കെ	ഹെഡ്മാസ്റ്റർ	08-06-2023	31-03-2024
ഡോ. സൂസൻ ജോൺ കെ.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	08-09-2023
ഡോ. അനുപമ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	09-09-2023	31-03-2024
ശ്രീമതി.അരുണിമ വാസുദേവൻ	അക്രെഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ജി.എസ്	01-04-2023	31-03-2024
ശ്രീ.മനോജ് എം ആർ	അക്രഡിറ്റഡ് എൻജിനീയർ,MGNREGS--ഇൻ ചാർജ്ജ്	01-01-2024	31-03-2024
ശ്രീമതി.നൗഫിയ.എ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	18-06-2023
ശ്രീമതി.ഗീതുമോൾ വി	ഡയറി ഫാം ഇൻസ്ട്രക്ടർ	13-07-2023	31-03-2024
ശ്രീമതി മിനി. ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	11-02-2024
ശ്രീമതി കാർത്തിക	അസിസ്റ്റന്റ് എഞ്ചിനീയർ	12-02-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	സ്ഥാപനത്തിന് ഇല്ലാത്ത ബാങ്ക് അക്കൗണ്ടിൽ തുക കാണിച്ചിരിക്കുന്നു	1-1-2
4	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-3
5	വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.	1-1-4
6	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.	1-1-5
7	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.	1-1-6
8	ആസ്തികൾ ബാലൻസ് ഷീറ്റിൽ കൃത്യമായി ഉൾപ്പെടുത്തിയില്ല	1-1-7
9	ബാധ്യതകൾ ബാലൻസ് ഷീറ്റിൽകൃത്യമായി ഉൾപ്പെടുത്തിയില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ വസ്തുനികുതി ഈടാക്കുന്നില്ല	1-11
20	പ്രഥമ മേഖലയിലെ കെട്ടിടം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10%നികുതി ഇളവ് നൽകി	1-12
21	വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചില്ല ഫീൽഡ് പരിശോധന പൂർത്തിയാക്കിയിട്ടില്ല.	1-13
22	2023-24 സാമ്പത്തിക വർഷം വസ്തുനികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങൾക്കും പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയില്ല	1-14
23	റെഗുലർറൈസേഷൻ ഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു	1-15
24	സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് കെട്ടിടങ്ങൾ ഡിലീറ്റ്ചെയ്യുകയും, ഡേറ്റാ എൻട്രിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നതായി പരിശോധനയിൽ കണ്ടെത്തി	1-16
25	ബയോകമ്പോസ്റ്റ് ബിന്നുകൾ -പൂർണമായും വിതരണം നടത്തിയില്ല-വിതരണം നടത്താത്ത ബിന്നുകളുടെ വില 102240/-രൂപ തടസ്സപ്പെടുത്തുന്നു.	1-17
26	സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല	1-18
27	വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു	1-19
28	ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല	1-20
29	വിവിധ പദ്ധതി പ്രകാരം എജൻസികളിൽ നിന്നും തിരികെ ലഭ്യമാക്കിയ തുകകൾ ബന്ധപ്പെട്ട അക്കൌണ്ടുകളിൽ ,ഹെഡ്യകളിൽ ഒടുക്കിയിട്ടില്ല	1-21
30	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-22
31	കമ്മിറ്റി തീരുമാനപ്രകാരം ഡെപ്പോസിറ്റ് മുതൽകൂട്ടിയില്ല	1-23
32	ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.	1-24
33	മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല	1-25
34	മെൻസ്ട്രൽ കപ്പ് വിതരണം - വിതരണരേഖകൾ ഹാജരാക്കിയില്ല	1-26
35	ആംബുലൻസ് തുടർപരിപാലനം അപാകത	1-27
36	ഫ്രണ്ട് ഓഫീസ് വഴിയുള്ള കളക്ഷൻ തുക അടവാക്കുന്നത് ക്രെഡിറ്റ് ആകുന്നതിലുള്ള അപാകത	1-28
37	മുറ്റത്തൊരു മീൻത്തോട്ടം പദ്ധതി രേഖകളിൽ കൃത്യതയില്ല 23000/- രൂപ തടസ്സപ്പെടുത്തുന്നു.	1-29
38	പദ്ധതികളുടെ ചെലവു് അനുബന്ധ ഫയലുകൾ ഹാജരാക്കിയില്ല 3,47,734/- രൂപ തടസ്സപ്പെടുത്തുന്നു.	1-30
39	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (21/24-)ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമല്ല.	1-31
40	ഗ്രാമസഭയിൽ അംഗീകരിക്കാത്ത വ്യക്തിക്ക് വിവാഹധനസഹായം നൽകി.	1-32
41	നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല	1-33
42	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ - അവലോകനം	1-34
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

4	പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കാത്ത കെട്ടിടങ്ങളുടെ വിവരം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06-06-2024 ലെ (2) നം തീരുമാനം പ്രകാരം അംഗീകരിച്ച് 05.08.24 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം.
തീയതി : 05-11-2024.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്

1-1-2 സ്ഥാപനത്തിന് ഇല്ലാത്ത ബാങ്ക് അക്കൗണ്ടിൽ തുക കാണിച്ചിരിക്കുന്നു

വാർഷിക ധനകാര്യ പത്രിക RP- 40(a), RP- 40(b) പ്രകാരം 450210101 എന്ന ശീർഷകത്തിൽ "Nationalised Bank Account Of Own Revenue Fund" ആയി 1,32,171/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇങ്ങനെയൊരു തുക ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-4 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

കെട്ടിട നികുതി, വാടക

1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ എഴുതി കൃത്യമായി സൂക്ഷിക്കുന്നില്ല.

1-1-6 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

പോസ്റ്റ് ഷിഫ്റ്റിംഗിനത്തിൽ തൻവർഷം ചെലവഴിച്ച 79933/-രൂപയുടെ ചെലവ് Advance To Implementing Agencies-KSEB എന്ന ഹെഡിൽ ചേർത്തിട്ടില്ല.

1-1-7 ആസ്തികൾ ബാലൻസ് ഷീറ്റിൽ കൃത്യമായി ഉൾപ്പെടുത്തിയില്ല

അഡ്വാൻസ് ഹെഡിൽ ചേർത്തിരിക്കുന്ന താഴെ പറയുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ഹെഡ് കോഡ്	ഇനം	തുക
460509901	Advance To Others	5000/-
460100199	Other Advances	1,50,000/-
460500201	Advance To Implementing Agencies KWA	36,89,348/-
460500202	Advance To Implementing Agencies -KSEB	8,04,500/-
460500205	Advance To Implementing Agencies -PWD	2,20,000/-
460500501	Advance To Implementing Officers	2,60,000/-

1-1-8 ബാധ്യതകൾ ബാലൻസ് ഷീറ്റിൽകൃത്യമായി ഉൾപ്പെടുത്തിയില്ല

1. 350200119 എന്ന ഹെഡിൽ Recoveries Payable-Covid എന്ന പേരിൽ ചേർത്തിരിക്കുന്ന 12,20,026/-രൂപയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.
2. വാർഷിക കണക്കുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക താഴെ പറയും പ്രകാരമാണ്.

ഹെഡ് കോഡ്	ഇനം	തുക(രൂപ)
320700204	Contributions For Joint Venture Project (For Revenue Expenditure)from Block Panchayat	26,78,966/-
320700304	Contributions For Joint Venture Project (For Capital Expenditure)from Block Panchayat	29,13,838/-
320700404	Contributions For Other Specific Purpose (For Revenueexpenditure) From Block Panchayat	110500/-
320700405	Contributions For Other Specific Purpose (For Revenue Exp) From DP	134316/-

എന്നാൽ സംയുക്ത പ്രോജക്ടിന്റെ ട്രഷറി അക്കൗണ്ടിൽ തുക ബാക്കിയില്ല. Receivable Of Redemption ആയി വാർഷികകണക്കുകളിൽ കാണിച്ചിരിക്കുന്ന

തുകയുമായി വാർഷിക കണക്കിലെ സംയുക്ത പ്രോജക്ടിന്റെ ബാക്കി തുകയുമായി പൊരുത്തപ്പെടുന്നില്ല.

3. Other Ear Markedspecial Fund (B2) ആയി കാണിച്ചിരിക്കുന്ന 18,98,504/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

4. B 4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന താഴെ പറയുന്ന തുകകളുടെ കൃത്യത ബോധ്യപ്പെടാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

ഹെഡ് കോഡ്	ഇനം	തുക(രൂപ)
320100158	Other Schemes	13,59,834/-
320100999	Other Liabilities	18,70,167/-
320800199	Other Grants Funds &Contributions For Specific Purposes -Capital	1,05,500/-

5. Deposit Work-Electrical എന്ന പേരിൽ B8 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന 15,100/-രൂപയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 18/03/2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും, പരിഷ്കരിച്ച ബജറ്റ് 14/02/2024 ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	3,54,51,324/-രൂപ
വരവ്	8,52,84,142/-രൂപ
ആകെ	12,07,35,466/-രൂപ
ചെലവ്	7,66,59,469/-രൂപ
നീക്കിയിരിപ്പ്	4,40,75,997/-രൂപ
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	49,71,112/-രൂപ
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക/നിരാകരിച്ച തുക	-

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസന ഫണ്ട്-ജനറൽ	0	28110060/-	28110060/-	25349827/-	2760233/-
വികസന ഫണ്ട്-എസ്.സി.പി.	0	15933000/-	15933000/-	15796671/-	136329/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ബാങ്ക്)	5716782/-	4946594/-	10712376/-	2159707/-	8552669/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് (ബാങ്ക്)	2521536/-	3526500/-	6848036/-	3295042/-	2752994/-
മെയിന്റനൻസ്, റോഡ്	0	8863350/-	8863350/-	4439837/-	4423513/-
മെയിന്റനൻസ്, നോൺ-റോഡ്	0	4742600/-	4742600/-	4728679/-	13921/-
MGNREGS	97364/-	1160504/-	1257868/-	1257856/-	12/-
ICDS	1114969/-	3053639/-	4168608/-	3587655/-	580953/-
ശുചിത്വമിഷൻ	2679005/-	0	2679005/-	0	2679005/-
നാഷണൽ ഹെൽത്ത് മിഷൻ	0	80895/-	80895/-	0	80895/-
Other Schemes	1008025	351809/-	1359834/-	0	1359834/-
നാഷണൽ റൂറൽ ഹെൽത്ത് മിഷൻ	0	210306/-	210306/-	0	210306/-
ഹെൽത്ത് ഗ്രാന്റ് ഇൻഫ്രാസ്ട്രക്ചർ	210306	1182669/-	1392975/-	542494	850481/-
ഹെൽത്ത് ഗ്രാന്റ് സബ്സെന്റർ	80895/-	479750/-	560645/-	250672/-	309973/-
Other Liabilities	1870167/-	0	1870167/-	0	1870167/-
Other State Sponsered Scheme Fund	628528/-	0	628528/-	0	628528/-
Welfare Capital	61	0	61	0	61
Literacy	0	20019/-	20019/-	20019/-	-
Specific Capital	105500/-	0	105500/-	0	105500/-
ലൈഫ് സംസ്ഥാന വിഹിതം	620000/-	8000000/-	8620000/-	7160000/-	1460000/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
241	3,65,53,272/-	157	10,93,33,769/-	84	82	65.14%

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണചെലവുകൾ	97364/-	1160504/-	1257868/-	1257856/-	12/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	33087940/-	33087940/-	33087940/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
കർഷകതൊഴിലാളി പെൻഷൻ	16,29,800/-
വിധവാപെൻഷൻ	1,89,18,500/-
വാർദ്ധക്യകാലപെൻഷൻ	2,85,88,100/-
വികലാംഗപെൻഷൻ	56,79,900/-
50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	5,27,400/-
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	60,000/-

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2024- 12.30PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2282/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം

കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ് രസീതി നൽകി സ്വീകരിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. വൗച്ചറുകൾ ധനകാര്യ സ്ഥിരം സമിതി പരിശോധിക്കുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയുള്ളതും കാലികവുമാക്കി സൂക്ഷിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ വർഷാദ്യം കൂടുന്നുണ്ടെങ്കിലും, പിന്നിട് മോണിറ്ററിംഗ് സമിതിയായി മാറുന്നില്ല, മാത്രമല്ല അതാത് വർഷം ചെയ്ത പ്രവൃത്തികളുടെ അവലോകനം അടുത്ത മീറ്റിംഗിൽ ചർച്ച ചെയ്യുന്നില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, ഫലപ്രദമായ മോണിറ്ററിംഗ് അനിവാര്യമാണ്. സ്ഥിരം സമിതികളും, ഭരണസമിതിയും ടി വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏർപ്പെടുന്ന കരാറുകൾ ക്രമപ്രകാരമാണെന്ന് ഉറപ്പാക്കണം.
ഗ്രാമസഭ മിനിറ്റ്സ് ബുക്കിലും, ഗ്രാമസഭ നോട്ടിസിലും വാർഡിന്റെ പേര് വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
എം.ജി.എൻ.ആർ.ഇ.ജി.എസ് നടപ്പിലാക്കുന്ന നിർത്തടാധിഷ്ഠിത ഭൂവികസന പ്രവൃത്തികളിൽ, പ്രവൃത്തി പൂർത്തിയായ ശേഷം തുടർന്ന് ഈ വസ്തുകളിൽ കൃഷി നടത്തുന്നത് ഉറപ്പാക്കുന്ന രേഖകൾ/ഫോട്ടോ എന്നിവ സൂക്ഷിച്ചിട്ടില്ല. തദ്ദേസസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ കടമകളും, ഉത്തരവാദിത്തങ്ങളും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12.05.2022	10/2021 മുതൽ 3/2022 വരെ	02/07/2022

1-11 ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ വസ്തുനികുതി ഈടാക്കുന്നില്ല

ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ വസ്തുനികുതി ഈടാക്കുന്നില്ല. 03-05-2020-ലെ ആർ.സി.2-100/2020/തസ്വഭവ പരിപത്രപ്രകാരം ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതലാണ് വസ്തുനികുതി ഈടാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ഇപ്രകാരം വസ്തുനികുതി ഈടാക്കിയിട്ടില്ല.

1. ബിനുഷ്മാറാണി, ശ്രീഭാഗ്യം, പെരുമ്പുഴ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചത് 01/11/2023(B1/9897/2023)ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് (B1/9897/2023) അനുവദിച്ചിരിക്കുന്നത് 25/01/2024 ആണ്. ഈ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് നികുതി ഈടാക്കിയിരിക്കുന്നത് 2024-25 സാമ്പത്തിക വർഷം മുതലാണ്. ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയത് 2023 രണ്ടാം അർദ്ധവർഷത്തിൽ ആയതിനാൽ 2023 രണ്ടാം അർദ്ധവർഷം മുതലുള്ള വസ്തുനികുതിയാണ് ഈടാക്കേണ്ടിയിരുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	കെട്ടിടനമ്പർ	പേര്	വിസ്തീർണ്ണം	നിർണ്ണയിച്ച വസ്തുനികുതി (രൂപ)	2023 രണ്ടാം അർദ്ധവർഷത്തെ വസ്തുനികുതി(രൂപ)
1	9/926	ബിനുഷ്മ റാണി	853.7	12694/-	6347/-
2	9/927	ബിനുഷ്മ റാണി	142	1504/-	752/-

2. ജഗത്ത്, ആനന്ദഭവൻ, പെരുമ്പുഴ, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചത് 21/02/2024(B1-BA/87760/2024)ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് (B1/87760/2024)) അനുവദിച്ചിരിക്കുന്നത് 11/03/2024 ആണ്. ഈ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് നികുതി ഈടാക്കിയിരിക്കുന്നത് 2024-25 സാമ്പത്തിക വർഷം മുതലാണ്. ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയത് 2023 രണ്ടാം അർദ്ധവർഷത്തിൽ ആയതിനാൽ 2023 രണ്ടാം അർദ്ധവർഷം മുതലുള്ള വസ്തുനികുതിയാണ് ഈടാക്കേണ്ടിയിരുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	കെട്ടിടനമ്പർ	പേര്	വിസ്തീർണ്ണം	നിർണ്ണയിച്ച വസ്തുനികുതി	2023 രണ്ടാം അർദ്ധവർഷത്തെ വസ്തുനികുതി
1	10/1245	ജഗത്ത്	198	1578/-രൂപ	789/-രൂപ

2023 രണ്ടാം അർദ്ധവർഷത്തെ വസ്തുനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ-13/16-10-2024

1-12 പ്രഥമ മേഖലയിലെ കെട്ടിടം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10%നികുതി ഇളവ് നൽകി

തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ് പുറപ്പെടുവിച്ച സ.ഉ.(അച്ചടി) നം. 25/2023/LSGD തീയതി 05/04/2023 നമ്പർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 16/05/2023ലെ 2(1) നമ്പർ തീരുമാനപ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ വസ്തുനികുതി ഉപയോഗക്രമം അനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ ഇവ നിശ്ചയിച്ച് അന്തിമവിജ്ഞാപനം 21-08-2023-ൽ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വാർഡ് നമ്പർ 1, 2, 3, 4, 5, 10 എന്നിവ പ്രാഥമിക മേഖലയാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10%നികുതി ഇളവ് നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ് നമ്പർ	കെട്ടിട നമ്പർ	ഉടമയുടെ പേര്	വിസ്തീർണ്ണം ച.മീറ്റർ	ഉപയോഗ ക്രമം	നിരക്ക് (ച.മീറ്റർ) (രൂപ)	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (രൂപ)	ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക(രൂപ)
1	1	1010	സൌമ്യ	130.8	പാർപ്പിടം	8/-	1046/-	104/-
2	1	1018	സുമ	134.34	പാർപ്പിടം	8/-	1074/-	107/-
3	1	1019	മുകേഷ്	66.81	പാർപ്പിടം	8/-	534/-	53/-
4	1	1023	അബ്ദുൾ സലാം	185.61	പാർപ്പിടം	8/-	1483/-	148/-
5	2	865	അഖിലാഷ്	147.51	പാർപ്പിടം	8/-	1475/-	147/-
6	10	1222	ജയിംസ് തോമസ്	115.78	പാർപ്പിടം	8/-	926/-	92/-
7	10	1223	ബിജു ജോസഫ്	86.99	പാർപ്പിടം	8/-	695/-	69/-
8	10	1232	രാധാകൃഷ്ണപിള്ള	116.59	പാർപ്പിടം	8/-	932/-	93/-
9	10	1233	വിനോദ്	211.4	പാർപ്പിടം	8/-	1691/-	169/-
10	10	1240	ശാരത് ചന്ദ്രൻ	272.46	പാർപ്പിടം	8/-	2179/-	217/-
11	10	1242	രാജമ്മയമ്മ	77	പാർപ്പിടം	8/-	621/-	62/-
12	10	1245	ജഗത്ത്	198.57	പാർപ്പിടം	8/-	1667/-	166/-
							ആകെ	**1427/-**

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2023-24 മുതൽ കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഉൾപ്പെടെ മറുപടി ലഭ്യമാക്കേണ്ടതാണ്.
എൻകയറി നം. 12/16-10-2024

1-13 വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചില്ല ഫീൽഡ് പരിശോധന പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ) നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്സ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ,

വഴിസൗകര്യത്തിൽ വന്ന വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. എന്നാൽ കെട്ടിട സർവേ നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. 21 വാർഡുകളുള്ള പഞ്ചായത്തിൽ 18609 കെട്ടിടങ്ങളാണ് സഞ്ചായ സോഫ്റ്റ്വെയർ പ്രകാരമുള്ളത്. ഇതിൽ 10503 കെട്ടിടങ്ങളുടെ സർവേയാണ് പൂർത്തിയായിട്ടുള്ളത്. മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി വ്യതിയാനം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

റോഡുകൾ സഞ്ചയാ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 ഉപവകുപ്പ് 7(2) ഉപവകുപ്പ് പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവുകൾ വരുത്തുകയും ഇളവുകൾ അനുവദിക്കുകയും ചെയ്യേണ്ടതാണ്. 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയുടെ 20% വർദ്ധനവ് വരുത്തേണ്ടതും, ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് 10% നികുതി ഇളവു നൽകേണ്ടതും, പൊതുവഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്ക് 20% ഇളവു നൽകേണ്ടതുമാണ്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽപെട്ട മുഴുവൻ റോഡുകളും സഞ്ചയയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ഒരു കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകളും വർദ്ധനവുകളും വരുത്താൻ സാധിക്കുകയുള്ളൂ. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റോഡുകൾ സഞ്ചയാ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സഞ്ചയയിൽ കെട്ടിടത്തിന് സമീപമുള്ള റോഡിന്റെ പേര് തിരഞ്ഞെടുക്കുമ്പോൾ ശരിയായ റോഡ് തിരഞ്ഞെടുക്കാൻ കഴിയാതെ വരികയും മറ്റുള്ളവ എന്ന ഓപ്ഷൻ തെരഞ്ഞെടുക്കേണ്ടി വരികയും ചെയ്യുന്നു. അത്തരത്തിൽ റോഡ് തെരഞ്ഞെടുക്കുമ്പോൾ മിക്കറോഡുകളും ഒന്നര മീറ്ററിനും 5 മീറ്ററിനും ഇടയിൽ എന്ന ഗണത്തിൽ വരികയും, വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തുവാൻ കഴിയാതെ വരികയും, വസ്തു നികുതി ഇനത്തിൽ വരുമാനം കുറയുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റോഡുകളും സഞ്ചയാ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 2023-24 സാമ്പത്തിക വർഷം വസ്തുനികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങൾക്കും പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയില്ല

തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ് പുറപ്പെടുവിച്ച സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി-05/04/2023 നമ്പർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 16/05/2023ലെ 2(1) നമ്പർ തീരുമാനപ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ വസ്തുനികുതി ഉപയോഗക്രമം അനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ ഇവ നിശ്ചയിച്ച് അന്തിമവിജ്ഞാപനം 21-08-2023ൽ പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം 01-04-2023 മുതൽ ഈ വസ്തുനികുതി നിരക്കുകൾക്ക് പ്രബല്യമുണ്ടായിരുന്നു. എന്നാൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം 21-08-2023 ന് മുമ്പ് വസ്തുനികുതി നിർണ്ണയിച്ച 181 കെട്ടിടങ്ങളുടെ വസ്തുനികുതി പഴയനിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ 2023-24 സാമ്പത്തിക വർഷം നഷ്ടം ഉണ്ടായി. വസ്തുനികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കുമെന്ന് ഓഡിറ്റ് എൻകയറിക്ക് (എൻകയറി –15/16-10-2024) മറുപടി ലഭ്യമാക്കിയിരുന്നു. കൂടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിശദവിവരം ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം-4).

1-15 റെഗുലർറൈസേഷൻ ഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു.

ശ്രീ.ജോസ്.ജി, മെർവിൻ ഡെയ്ൽ, കുണ്ടറ എന്ന വ്യക്തി 20-10-2023-ൽ സങ്കേതം സോഫ്റ്റ്വെയർ വഴി വാണിജ്യാവശ്യത്തിന് നിർമ്മിച്ച 133.87 M^2 കെട്ടിടം റെഗുലറൈസേഷന് അപേക്ഷിച്ചിരുന്നു. അത് പ്രകാരം കെട്ടിടം റെഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുകയും 28-02-2024 വാർഡ് നമ്പർ 8ൽ കെട്ടിട നമ്പർ 768 ആയി കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെ കെട്ടിടം നിർമ്മിക്കുന്ന സാഹചര്യത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിന്റെ ഇരട്ടി ഫീസ് റെഗുലറൈസേഷൻ ഫീസ് ആയി പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ റെഗുലർറൈസേഷൻ ഫീസ് ഈടാക്കാതെയാണ് ഈ കെട്ടിടം റെഗുലറൈസ് ചെയ്ത് നൽകിയത്. 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ ഈ അപാകത കണ്ടെത്തിയതിനെ തുടർന്ന് 15-10-2024ൽ 1240102923 നമ്പർ രസീത് പ്രകാരം 10710/-രൂപ പഞ്ചായത്ത് റെഗുലേഷൻ ഫീസ് ആയി ഒടുക്കുവരുത്തി. റെഗുലർറൈസേഷൻ ഫീസ് ഈടാക്കാതെ കെട്ടിടനിർമ്മാണം റെഗുലറൈസ് ചെയ്യുന്ന സാഹചര്യം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് കെട്ടിടങ്ങൾ ഡിലീറ്റ്ചെയ്യുകയും, ഡേറ്റാ എൻട്രിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നതായി പരിശോധനയിൽ കണ്ടെത്തി

ഡോ.ഗോപാലകൃഷ്ണൻ, വെൽഫെയർ ഹോസ്പിറ്റൽ പെരുമ്പുഴ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 2012-13 സാമ്പത്തിക വർഷം നിർണയിച്ചതുമായ കെട്ടിടം സഞ്ചയയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

ക്രമനമ്പർ	പേര്	വീട്ടുനമ്പർ	വിസ്തീർണ്ണം	വാർഷിക വസ്തുനികുതി
1	ഡോ.ഗോപാലകൃഷ്ണൻ	2/619	271 M^2	27000/-രൂപ
2	ഡോ.ഗോപാലകൃഷ്ണൻ	2/620	271 M^2	27000/-രൂപ

ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററിൽ ഇപ്പോഴും നിലനിൽക്കുന്ന 2/619-ാം നമ്പർകെട്ടിടം സോഫ്റ്റ്വെയറിൽ നിന്നും ഡിമോളിഷ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഒഴിവാക്കപ്പെട്ട നിലയിലാണ്. കെട്ടിടനമ്പർ 2/620 കെട്ടിടം ഡേറ്റാ എൻട്രിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ കെട്ടിടങ്ങൾ അനധികൃതമായി ഡിലീറ്റ് ചെയ്യുകയോ, ഡേറ്റ എൻട്രിയിൽ നിന്നും ഒഴിവാക്കുകയോ ചെയ്തതു വഴി പഞ്ചായത്ത് ഫണ്ടിനുണ്ടായ മുഴുവൻ നഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടകുന്നു. ഇത്തരം അപാകതകൾ കണ്ടെത്തുന്നതിനായി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ) നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്സ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, വഴിസൗകര്യത്തിൽ വന്ന വ്യത്യാസങ്ങൾ, ഡേറ്റ എൻട്രിയിൽ നിന്നും ഒഴിവായ കെട്ടിടങ്ങളെയും കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

1-17 ബയോകമ്പോസ്റ്റ് ബിന്നുകൾ -പൂർണമായും വിതരണം നടത്തിയില്ല-വിതരണം നടത്താത്ത ബിന്നുകളുടെ വില 102240/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് -ഗാർഹിക ബയോബിൻ യൂണിറ്റുകൾ വിതരണം.(141/23-24)

അടങ്കൽ –1111600/-രൂപ (998462/-രൂപ-കേന്ദ്രാവിഷ്കൃതം,1978/-രൂപ തനത് ഫണ്ട് 111160/-രൂപ-ഗുണഭോക്ത്യവിഹിതം.)

ചെലവ് -604640/-രൂപ (554400-രൂപ (കേന്ദ്രാവിഷ്കൃതം)+50240/-ഗുണഭോക്ത്യവിഹിതം.)

ചെക്ക്നമ്പർ	തീയതി	തുക(രൂപ)
101690	24-08-2023	160000/-
332488	20-12-2023	410400/-
121289	25-03-2024	34240/-

നിർവ്വഹണ ഉദ്യോഗസ്ഥൻ –വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മാലിന്യ സംസ്കരണത്തിന് വേണ്ടി ഗുണഭോക്താക്കൾക്ക് ബയോ ബിൻ വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ബയോ കമ്പോസ്റ്റ് ബിൻ യൂണിറ്റ് ഒന്നിന് 1,600/-രൂപ നിരക്കിൽ (യൂണിറ്റ് കോസ്റ്റിന്റെ 10 ശതമാനം ഗുണഭോക്ത്യ വിഹിതം) 385 എണ്ണം ബയോ കമ്പോസ്റ്റ് ബിന്നുകൾ, ശുദ്ധി വേസ്റ്റ് കൺവേർഷൻ യൂണിറ്റിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ, അനുബന്ധ രേഖകൾ ഇവ പരിശോധിച്ചതിൽ ആകെ 314 എണ്ണം മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ. അവശേഷിക്കുന്ന 71 ബിന്നുകളുടെ വിതരണ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബാക്കിയുള്ള ബയോ കമ്പോസ്റ്റ് ബിന്നുകൾ എത്രയും വേഗം വിതരണം നടത്തി വിവരം അറിയിക്കുന്നതാണന്ന് മറുപടി നൽകി. ആയതിനാൽ വിതരണം നടത്തിയിട്ടില്ലാത്ത 71 ബയോ കമ്പോസ്റ്റ് ബിന്നുകൾക്കായി ചെലവഴിച്ച 102240/-രൂപ (71x1440) തടസ്സപ്പെടുത്തുന്നു. ഇവ ഗുണഭോക്താക്കൾക്ക് വിതരണം നടത്തി വിവരം രേഖകൾ സഹിതം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം - 14/16-10-2024

തടസ്സപ്പെടുത്തിയ തുക-102240/-രൂപ

1-18 സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ

തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപന തൊഴിൽ നികുതി

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1	HDFC ബാങ്ക്	II
2	കേരള ഗ്രാമീൺ ബാങ്ക്	I ,
3	റിലയൻസ് ട്രെൻഡ്സ്	II
4	ത്രിവേണി സൂപ്പർമാർക്കറ്റ് പുനക്കന്നൂർ	I
5	ത്രിവേണി സൂപ്പർമാർക്കറ്റ് ഇളമ്പള്ളൂർ	I
6	ധന്യ സൂപ്പർമാർക്കറ്റ്	I

2) ജീവനക്കാരുടെ തൊഴിൽ നികുതി

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1	ത്രിവേണി സൂപ്പർമാർക്കറ്റ് ഇളമ്പള്ളൂർ	I
2	ത്രിവേണി സൂപ്പർമാർക്കറ്റ് പുനക്കന്നൂർ	I
3	ധന്യ സൂപ്പർമാർക്കറ്റ്	I

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. എന്നിരിക്കെ മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയതിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം.7/15.10.2024

1-19 വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന കടമുറികളുടെ തൻവർഷത്തെ വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കടമുറി നം.	ഉടമസ്ഥന്റെ പേര്/വിലാസം	മാസവാടക (രൂപ)	കുടിശ്ശിക (രൂപ)
1	V/430	ശശിധരൻ ചാലുവിള കിഴക്കതിൽ വീട്	1158/- +GST	12738/-+GST (1158x11)
2	V/431		1158/- +GST	12738/-+GST (1158x11)
3	V/432		1158/- +GST	12738/-+GST (1158x11)
4	14/207	രാജു പി ചിറക്കരോട്ട് വീട്	2375/- +GST	16625/-+GST (2375x7)
ആകെ				**54839/-+ GST**

വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. ആയതിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 8/15.10.24

1-20 ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല

വിവിധ ഭവന പുനരുദ്ധാരണ പദ്ധതികൾക്കായി അഡ്വാൻസ് ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	ഗുണഭോക്താവിന്റെ പേര്	അഡ്വാൻസ് കൈപ്പറ്റിയ തുക (₹)	ബിൽ നം.
വീട് വാസയോഗ്യമാക്കൽ (ജനറൽ)-(35/24)	ശാന്തകുമാരി	37,500/-	50/20.01.2024
	ശാന്തമ്മ	37,500/-	51/22.01.2024
	ശിവദാസൻ	37,500/-	52/25.01.2024
	സീനത്ത്	37,500/-	59/24.01.2024
	സാറാമ്മ	37,500/-	59/24.01.2024
	ഷംല	37,500/-	65/24.01.2024
	ലീലാമണി	37,500/-	66/24.01.2024
	മനോഹരൻ പിള്ള	37,500/-	68/24.01.2024
	ഫാത്തിമ	37,500/-	68/24.01.2024
	ഓമന	37,500/-	69/24.01.2024
	ശ്യാമള	37,500/-	69/24.01.2024
	അപ്പുക്കുട്ടൻ	37,500/-	73/25.01.2024
	ജുബാബത്ത് ബീവി	37,500/-	121296/25.01.2024
അതിദരിദ്ര കുടുംബത്തിന് വീട് വാസയോഗ്യമാക്കൽ(38/24)	ജേക്കബ് കുട്ടി	50,000/-	72/25.032024
ഭവന പുനരുദ്ധാരണം (ജനറൽ)-(131/24)	ഉഷാകുമാരി	25,000/-	6/12.05.2023

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ഭവനപുനരുദ്ധാരണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളെക്കൊണ്ട് ഭവന പുനരുദ്ധാരണം പൂർത്തീകരിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് നൽകിയിട്ടുള്ള തുക നിയമാനുസൃത നടപടി സ്വീകരിച്ച് തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം- 18/16-10-2024

1-21 വിവിധ പദ്ധതി പ്രകാരം എജൻസികളിൽ നിന്നും തിരികെ ലഭ്യമാക്കിയ തുകകൾ ബന്ധപ്പെട്ട അക്കൌണ്ടുകളിൽ ,ഹെഡ്യുകളിൽ ഒടുക്കിയിട്ടില്ല

വിവിധ പദ്ധതി പ്രകാരം എജൻസികളിൽ നിന്നും തിരികെ ലഭ്യമാക്കിയ തുകകൾ ബന്ധപ്പെട്ട അക്കൌണ്ടുകളിൽ/ഹെഡുകളിൽ ഒടുക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	തുക (രൂപ)	ലഭിച്ച തീയതി/ രസീതു നമ്പർ	വിവരണം	റിമാർക്സ്
340109901	Other Deposits	687344/-	1220100011/ 5-4-22	വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 25-3-2022 തീയതിയിലെ നമ്പർ 331922ചെക്ക് പ്രകാരം വരവു വന്ന തുക	ഈ തുക ജലജീവൻ മിഷന്റെ വിവിധ പദ്ധതികൾക്ക് ഉപയോഗിക്കാതെ Other Deposits എന്ന ഹെഡിൽ തെറ്റായി ചേർത്ത് ചെലവ് ചെയ്ത് വരുന്നു. Other Grants And Contributions എന്ന ഹെഡിലേക്ക് ബാധ്യതയായി ചേർത്തിട്ടില്ല. പ്രസ്തുത തുക വാട്ടർ അതോറിറ്റിയ്ക്ക് അഡ്വാൻസ് നൽകിയ തുകയിൽ

					നിന്നും കുറച്ചിട്ടില്ല.
190300404	Prior Period Income-Recovery Of Unutilized Grants/Funds	380670/-	1230103968/ 5-12-23	DCKLM/14344/2023-DM4/29-11-2023 ഭവന നിർമ്മാണപദ്ധതി പ്രകാരമുള്ള തുക തിരിച്ചടച്ചത്	വരവുഹെഡിൽ ചേർത്തതിനാൽ തുടർപദ്ധതികളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. ലയബിലിറ്റി ഹെഡിലേക്ക് മാറ്റാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
460500201	Advance To Implementing Agencies -Deposit With KWA	779272/-	12301102881/ 27-9-2023	വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 21-9-23 തീയതിയിലെ നമ്പർ 582785ചെക്ക് പ്രകാരം വരവു വന്ന തുക(2021-22 വർഷത്തെ 218 നമ്പർ പ്രോജക്ട് പ്രകാരം ഡെപ്പോസിറ്റ് ചെയ്ത് തുകയിൽ പണി പൂർത്തീകരിച്ച ശേഷം ബാക്കി തുക) CFC FUND	Grants And Contributions എന്ന ഹെഡിൽ ലയബിലിറ്റി ആയി ചേർത്ത് വരവ് എടുത്തിട്ടില്ല. 2021-22 വർഷത്തെ 218 നമ്പർ പ്രോജക്ട് പ്രകാരം ഡെപ്പോസിറ്റ് ചെയ്ത് തുകയിൽ പണി പൂർത്തീകരിച്ച തുകയുടെ വിവരങ്ങൾ അഡ്വാൻസ് ഹെഡിൽ ചേർത്തിട്ടില്ല.

വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ മാറ്റങ്ങൾ വരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ – 21/17-10-2024

1-22 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വിവിധ ഏജൻസികൾ വഴി ഡെപ്പോസിറ്റ് വർക്കിനായി തുക നൽകിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-197/24	ജലസംരക്ഷണം-വിവിധ കൈതോടുകളുടെ സംരക്ഷണം, കുടിവെള്ളം-63/24
അടങ്കൽ	10,00,000/-രൂപ	25,50,000/-രൂപ
ഫണ്ടിനം	കോർപ്പറേഷൻ ഫണ്ട്	25,26,500/-സി.എഫ്.സി, 23500/-തനതു ഫണ്ട്
ചെലവ്	10,00,000/-രൂപ	25,26,500/-രൂപ, സി.എഫ്.സി, 23500/-രൂപ, തനതു ഫണ്ട്
ബിൽ നമ്പർ	332446/30-11-23	2273850/-രൂപ, 22301644/31-03-24 252650/-രൂപ, 22301645/31-03-24
ഫണ്ട് കൈപ്പറ്റിയ സ്ഥാപനം	കേരളാ വാട്ടർ അതോറിറ്റി	മൈനർ ഇറിഗേഷൻ വകുപ്പ്, കൊല്ലം

എന്നാൽ നാളിതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി പദ്ധതി പൂർത്തിയാക്കിയിട്ടില്ല എന്നും, ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രവും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 35,50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകയറി-01/10-10-2024
തടസ്സപ്പെടുത്തിയ തുക 35,50,000/-രൂപ

1-23 കമ്മിറ്റി തീരുമാനപ്രകാരം ഡെപ്പോസിറ്റ് മുതൽകൂട്ടിയില്ല

തെരുവുവിളക്ക് വാങ്ങൽ പ്രോജക്ട് പ്രകാരം കരാർ നിബന്ധന പാലിച്ച് സാധനം സപ്ലൈ ചെയ്യാതിരുന്ന വ്യക്തിയുടെ ഡെപ്പോസിറ്റ് മുതൽകൂട്ടണം എന്നുള്ള കമ്മിറ്റി തീരുമാനം നടപ്പിലാക്കിയില്ല. തെരുവു വിളക്ക് വാങ്ങൽ (196/24)എന്ന പ്രോജക്ടിനായി ടെണ്ടർ വിളിച്ചപ്പോൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ബിജുഫിലിപ്പ്, കൊച്ചുമേലതിൽ എജൻസിസ് എന്ന സ്ഥാപനത്തിന് (ഇ.എം.ഡി ആയി ഹാജരാക്കിയിരിക്കുന്നത് സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത് എഴുകോൺ ക്ഷീര വികസന കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 17/10/2022 തീയതിയിലെ 12500/-രൂപയുടെ FD1/1781 നമ്പർ ഫിക്സഡ് ഡെപ്പോസിറ്റ് രസീതാണ്) 04-11-22 തീയതിയിലെ 3(2) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം സാധനങ്ങൾ ഹാജരാക്കാനായി 19-11-22 തീയതിയിലെ B2-8229/22നമ്പരായി കത്ത് നൽകി. തുടർനടപടികൾ ഒന്നും സ്വീകരിക്കാതിരുന്നതിനെ തുടർന്ന് 03/01/2023 തീയതിയിൽ ഇതേ നമ്പരായി കത്ത് നൽകി. ആയതിനെ തുടർന്ന് എഴുകോൺ ക്ഷീര വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത് 24/01/2023 തീയതിയിലെ 12500/-രൂപയുടെ FD1/1897 നമ്പർ ഫിക്സഡ് ഡെപ്പോസിറ്റ് രസീത് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുകയും കരാർ പത്രം ലഭ്യമാക്കുകയും ചെയ്തു. എന്നാൽ തെരുവുവിളക്കുകൾ ലഭ്യമാക്കാഞ്ഞതിനെ തുടർന്ന് 09-03-23 തീയതിയിലെ 2(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ടിയാളുടെ ടെണ്ടർ റദ്ദുചെയ്യുകയും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുന്നതിന് തീരുമാനിച്ചു. ആയത് മുതൽകൂട്ടിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ഫിക്സഡ് ഡെപ്പോസിറ്റ് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത്മുതൽകൂട്ടി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ- 02/10-10-2024

1-24 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഹോംകോയ്ത്ത് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	അടങ്കൽ തുക(രൂപ)	ചെലവു തുക(രൂപ)	ബിൽ.നം./ തീയതി	ലഭിച്ച മരുന്നുകളുടെ തുക(രൂപ)	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക(രൂപ)
118/23 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ	200000/- (മെയിന്റനൻസ് ഫണ്ട്-ഡിതരം)	200000/-	59/23-24 13.03.24	68490/-	131510/-

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻകയറിക്ക്, മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 131510/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻകയറി നം. 9/15.10.2024

തടസ്സപ്പെടുത്തുന്ന തുക - 131510/-രൂപ

1-25 മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും KMSCL നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	പ്രോജക്ട് അടങ്കൽ (രൂപ)	പ്രോജക്ട് ചെലവു തുക(രൂപ)	ബിൽ നം./തീയതി	മരുന്നു വാങ്ങലിനായി KMSCL ൽകിയ തുക(രൂപ)	മരുന്നുലഭിക്കാൻ അവശേഷിക്കുന്ന തുക(രൂപ)
23/23-24 FHC യ്ക്ക് മരുന്നു വാങ്ങൽ	1000000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്	745389/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്	ബിൽ നം. 29/23-24 10.01.24 PF Invoice PRF2401/01.12.23	600000/-	279021/-
25/23-24 ഡയാലിസിസ് രോഗികൾക്ക് മരുന്നും ഡയലൈസർ	500000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്	499999/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്	ബിൽ നം. 41/23-24 27.02.24 PF Invoice PRF3582/31.01.24	96617/-	96617/-

ട്യൂബ് വാങ്ങുക						
ആകെ	**3,75,638/-**					

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മുൻകൂറായി നൽകിയെങ്കിലും ലഭ്യമാകാത്ത മരുന്നുകളുടെ തുകയായ 3,75,638/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം.11/16.10.24

തടസ്സപ്പെടുത്തിയ തുക – 3,75,638/-രൂപ

1-26 മെൻസ്ട്രൽ കപ്പ് വിതരണം - വിതരണരേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട്- മെൻസ്ട്രൽ കപ്പ് വിതരണം(227/24)

ഫണ്ടിനം	അടങ്കൽ ₹	ചെലവ് ₹	ബിൽ നം
ധനകാര്യകമ്മീഷൻ ഗ്രാന്റ്	400,000 /-	365990/-	XVFC/2023/24/P/99 27.3.24

മെഡിക്കൽ ഓഫീസർ നിർവഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ മെൻസ്ട്രൽ കപ്പ് വിതരണം പദ്ധതിയിൽ HLL ലൈഫ് കെയറിന്റെ ടാക്സ് ഇൻവോയിസ് പ്രകാരം (9423051142 തീയതി 27.03.24) മെൻസ്ട്രൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിതരണ രേഖകൾ ഹാജരാക്കിയില്ല. മെൻസ്ട്രൽ കപ്പുകളുടെ വിതരണ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അനഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ മെൻസ്ട്രൽ കപ്പുകളുടെ ചെലവ് തുകയായ 365990/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻകയറി നം.11/16.10.24

തടസ്സപ്പെടുത്തിയ തുക - 365990/- രൂപ.

1-27 ആംബുലൻസ് തുടർപരിപാലനം അപാകത

മെഡിക്കൽ ഓഫീസർ എച്ച്.എച്ച്.സി യുടെ പേരിലുള്ള KL-2-BS2885 എന്ന ആംബുലൻസിന്റെ തുടർപരിപാലനത്തിനായി പഞ്ചായത്തിന്റെ പ്രോജക്ട് നമ്പർ SO186/24 തനത്ഫണ്ട് ഉപയോഗിച്ച് 50019/-രൂപയും പ്രോജക്ട് നമ്പർ 108/23-24 പ്രകാരം 218435/-രൂപയും (വികസനഫണ്ട് 135420/-രൂപ, മെയിന്റനൻസ് ഫണ്ട് നോൺ റോഡ് 83015/-രൂപ) ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ആംബുലൻസിന്റെ തുടർപരിപാലന പ്രവർത്തനങ്ങൾ നടത്തുകയും, ഡീസൽ, ഡ്രൈവറിന്റെ വേതനം എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ആംബുലൻസിന്റെ തുടർപരിപാലനത്തിന് തുക ചെലവഴിക്കുന്നുണ്ട്. പാലിയേറ്റീവ് ആവശ്യങ്ങൽക്കും സൌജന്യമായി രോഗികളുടെ ഉപയോഗത്തിനും പുറമെ വാടക ഈടാക്കിയുള്ള യാത്രയും നടത്തുന്നുണ്ട്. പഞ്ചായത്ത് ആംബുലൻസിന്റെ തുടർപരിപാലനത്തിന് തുക ചെലവഴിക്കുന്നുണ്ടെങ്കിലും ആംബുലൻസിന്റെ വരുമാനം പഞ്ചായത്തിൽ അടവാക്കാതെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയിലാണ് അടവാക്കുന്നത്. കൂടാതെ ലോഗ് ബുക്കിൽ ഇന്ധന ഉപയോഗ വിവരങ്ങൾ, മീറ്റർ റീഡിംഗ് എന്നിവ സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തുന്നില്ല. ഇപ്രകാരം ആംബുലൻസ് വരവ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയിൽ ഒടുക്കുവരുത്തുന്നതു സംബന്ധിച്ചും, ലോഗ് ബുക്ക് ക്രമപ്രകാരം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരിക്കുന്നതു സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-28 ഫ്രണ്ട് ഓഫീസ് വഴിയുള്ള കളക്ഷൻ തുക അടവാക്കുന്നത് ക്രെഡിറ്റ് ആകുന്നതിലുള്ള അപാകത

പഞ്ചായത്തിന്റെ Own Fund അക്കൗണ്ടിൽ (A/C No-3582101006729) 05.01.2024 ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകയായ 25,709/-രൂപ ഒടുക്കു വരുത്തിയത് ക്രെഡിറ്റ് ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

കൂടാതെ പഞ്ചായത്തിലെ ഗൂഗിൾ പേ വഴി സ്വീകരിക്കുന്ന തുകകൾ ബാങ്കിൽ (HDFC- QR Code- A/C No 502000851440657) ക്രെഡിറ്റ് ആകുന്നതിന്റെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. പല ദിവസങ്ങളുടെ തുക ഒന്നിച്ച് ക്രെഡിറ്റ് ആകുന്നതിനാൽ ഏതൊക്കെ ദിവസങ്ങളുടെ തുകയാണെന്ന് വേർതിരിച്ച് കണക്കാക്കാൻ സാധിക്കുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 05.01.2024 ൽ ഫ്രണ്ട് ഓഫീസ് വഴി സ്വീകരിച്ച കളക്ഷൻ തുകയുടെ 25,709/-രൂപ ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും ഗൂഗിൾ പേ വഴി സ്വീകരിക്കുന്ന തുകകൾ കൃത്യമായി ക്രെഡിറ്റ് ആകുന്നത് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മേൽനോട്ട ചുമതലയുള്ളവർ ആയത് കൃത്യമായി പരിശോധിച്ച് ഓഡിറ്റിന് പരിശോധിക്കുവാൻ പര്യാപ്തമായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകയറി നം. 23/17.10.24

1-29 മുറ്റത്തൊരു മീൻത്തോട്ടം പദ്ധതി രേഖകളിൽ കൃത്യതയില്ല 23000/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി -മുറ്റത്തൊരു മീൻതോട്ടം (91/24)

അടങ്കൽ തുക -40000/-രൂപ വികസന ഫണ്ട്-23000/-രൂപ, ഗുണഭോക്തൃ വിഹിതം-17000/-രൂപ)

വികസന ഫണ്ട് -23000/-രൂപ

ഗുണഭോക്തൃവിഹിതം-17000/-രൂപ

ചെലവഴിച്ച തുക-23000/-രൂപ(വികസന ഫണ്ട്)

(230305520044015627 71/26-03-24)=15000/-രൂപ

(230305520044010973 12/20-1-24)=8000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

മുറ്റത്തൊരു മീൻതോട്ടം പദ്ധതിയിൽ അനിൽകുമാർ, മിനിഭവൻ, മോതിൻമുക്ക്, വാർഡ്-14 എന്ന വ്യക്തിക്ക് സബ്സിഡിയായി 15000/-രൂപയും, ശ്യാമരാജേഷ്, അലൻ നിവാസ് തലപ്പറമ്പ്, വാർഡ്-17 എന്ന വ്യക്തിക്ക് സബ്സിഡിയായി 8000/-രൂപയും അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മുറ്റത്തൊരു മീൻതോട്ടം പദ്ധതിക്ക് ശ്രീ.അനിൽകുമാർ ഹാജരാക്കിയ കരം അടച്ച രസിത് പ്രകാരം കല്ലുവിള പുനുക്കുന്നൂർ എന്ന മേൽവിലാസമാണുള്ളത്. ഇതിൽ അനിൽകുമാർ എന്ന പേരില്ല. ടിയാൻ നിലവിൽ പദ്ധതി ആരംഭിച്ച സ്ഥലത്തിന്റെ (മിനി ഭവൻ) കരം രസിതും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല

2. ഗുണഭോക്താക്കളുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വച്ചിട്ടില്ല.

3. മത്സ്യകുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. സബ്സിഡി പൊതുമാർഗ്ഗനിർദ്ദേശങ്ങൾ 13A(7) പ്രകാരം മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കിയിട്ടില്ല.

മേൽ അപാകതൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതാണ് എന്നാണ് ഫീഷറീസ് ഓഫീസർ അറിയിച്ചത്.

എന്നാൽ ഇൻഷ്വറൻസ് പരിപാടി ഏറ്റെടുക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ഉണ്ടായിരിക്കണമെന്നും, ഇതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിരിക്കുകയാണെന്നും മറുപടി ലഭ്യമാക്കി. മുകളിൽ കൊടുത്തിരിക്കുന്ന അപാകതകൾ മൂലം ചെലവു തുകയായ 23000/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകയറി-3/14-10-24

തടസ്സപ്പെടുത്തിയ തുക-23000/-രൂപ

1-30 പദ്ധതികളുടെ ചെലവ് അനുബന്ധ ഫയലുകൾ ഹാജരാക്കിയില്ല 3,47,734/- രൂപ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ചുവെട ചേർക്കുന്ന പദ്ധതികളുടെ ചെലവ് അനുബന്ധ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1. നം.214/24 -അതിദാരിദ്യനിർമ്മാർജ്ജനം കുട്ടികൾക്ക് പഠനോപകരണങ്ങൾ-4800/-രൂപ (തനത് ഫണ്ട്)

2 നം.212/24 -ബഡ്സ് സ്കൂൾ-കണ്ടിജന്റ് ചെലവുകൾ-6200/-രൂപ (തനത് ഫണ്ട്)

3. നം.202/24 -വിശപ്പ് രഹിത കേരളം-81000/-രൂപ (തനത് ഫണ്ട്)

4. നം.29/24 -കേരളോൽസവം-149672/-രൂപ (തനത് ഫണ്ട്)

5. നം.209/24 -ജനകീയ ഹോട്ടൽ-106062/-രൂപ (തനത് ഫണ്ട്)

ചെലവ് അനുബന്ധ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ നൽകിയ 3,47,734/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ഈ റിപ്പോർട്ട് പുറപ്പെടുവിച്ച് 3 മാസത്തിനുള്ളിൽ ഹാജരാക്കിയിട്ടില്ലെങ്കിൽ 1994 കേരള ലോക്കൽ ഫണ്ട് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾ എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തടസ്സപ്പെടുത്തിയ തുക-3,47,734/-രൂപ

ഓഡിറ്റ് എൻകയറി-10/15-10-24

1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (21/24-)ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമല്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ താഴെ പറയുന്ന വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമല്ല.

ബിൽ നം./തുക	വിദ്യാർത്ഥിയുടെ പേര്	ഫയൽ പ്രകാരമുള്ള ബാങ്ക് അക്കൗണ്ട്	തുക അനുവദിച്ച ബാങ്ക് അക്കൗണ്ട്
1601538403/25-03-24 =20,000 (205000/-)	വിഷ്ണുനാരായണൻ ഗോവിന്ദ സദനം, പെരുമ്പുഴ	കാനറ ബാങ്ക് A/C-110154015620	എസ്.ബി.ഐ. A/C-67365502191
160010043866/30-12-23= 20,000 (1,30,000/-)	രാമനാരായണൻ ഗോവിന്ദ സദനം, പെരുമ്പുഴ	ഇല്ല.	KLGB-40574101034934
1601538403/25-3-24 =15,000 (205000/-)	ആരതി അജയൻ, ആരതി ഭവനം,പെരുമ്പുഴ	KLGB-40574101106435	FDRL-12430100261515

ബാങ്ക് അക്കൗണ്ടുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ഉൾപ്പെടുത്തേണ്ടതും, ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി അക്കൌണ്ടിലേയ്ക്ക് തുക കൈമാറിയിരിക്കുന്നതു സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി-10/15-10-24

1-32 ഗ്രാമസഭയിൽ അംഗീകരിക്കാത്ത വ്യക്തിക്ക് വിവാഹധനസഹായം നൽകി.

പദ്ധതി നം. -(19/24)

അടങ്കൽ=225000/-രൂപ (എസ്.സി.പി)

ചെലവ്=225000/-രൂപ (75000x3)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയിൽ വിവാഹധനസഹായം നൽകിയ സത്യപ്രിയ, വിഘ്നേഷ് ഭവൻ, പുന്നമുക്ക്, പെരുമ്പുഴ, വാർഡ്-12 (മകൾ രേവതി) എന്നിവരെ 25/08/23ലെ 3(1) തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകറിക്ക്, അടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങുന്നതുവരെ ഈ ഇനത്തിൽ നൽകിയ 75000/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകയറി-5/14-10-24

തടസ്സപ്പെടുത്തിയ തുക-75,000/-രൂപ

1-33 നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല

കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തികരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരിക്കുന്നതുനുള്ള അപേക്ഷ കരാറുകാരൻ, അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന കാലാവധി തിരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ കരാറുകാരന്റെ പിഴവ് മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, ഭരണസമിതിയുടെ അനുമതി വാങ്ങേണ്ടതുമാണ്.

തദ്ദേശസ്വയംഭരണവകുപ്പ് അഡിഷണൽ ചീഫ്സെക്രട്ടറിയുടെ 18/10/2018 ലെ എ.സി.2/223/15 തസ്വഭവ സർക്കുലർ പ്രകാരവും, തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ എന്നിവ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തികരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് PACയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

താഴെ പറയുന്ന പ്രവൃത്തികളിൽ മേൽ രീതിയിൽ പിഴ ഈടാക്കിയിയിട്ടില്ല.

1)

പ്രോജക്ട് നമ്പർ	51/24
പ്രോജക്ട്	മേലൂട് ജംഗ്ഷൻ മുതൽ ഹബിബുള്ളയുടെ വീടു് വരെ റോഡ് കോൺക്രീറ്റിംഗ്
അടങ്കൽ തുക	3,00,000/-രൂപ (ധനകാര്യകമ്മിഷൻ അവാർഡ്)
